# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2627** **14.02.2013-ലെ മറുപടിക്ക്**

## സർക്കാർ ആരംഭിക്കാനിരിക്കുന്ന മെഡിക്കൽ കോളേജുകളുടെ എണ്ണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പുറമെ പുതുതായി എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ ഇടുക്കി, മലപ്പുറം ജില്ലയിലെ മഞ്ചേരി, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക എന്നിവിടങ്ങളിലാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് . പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാടും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പാലക്കാടും പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് കൂടാതെ വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിലേക്കായി സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. |
| (ബി) പുതിയ ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ; | (ബി) പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടില്ല. മഞ്ചേരി മെഡിക്കൽ കോളേജ് 2013-14 വർഷത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനായി മെഡിക്കൽ കൗൺസിലിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

(സി) ഒരു പുതിയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പ്രകാരം ഏറ്റവും ചുരുങ്ങിയത് എത്ര അദ്ധ്യാപകരുണ്ടാകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) ഒരു പുതിയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് ആദ്യവർഷം 55 അദ്ധ്യാപകർ ഉണ്ടാകണമെന്നാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡം.

(ഡി നിലവിൽ ഓരോ സർക്കാർ മെഡിക്കൽ കോളേജുകളിലും എത്ര അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് ;

(ഡി) മെഡിക്കൽ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകൾ താഴെ പറയും പ്രകാരമാണ് :

| | |
|---|---|
| തിരുവനന്തപുരം | - 52 |
| ആലപ്പുഴ | - 33 |
| കോട്ടയം | - 50 |
| തൃശൂർ | - 49 |
| കോഴിക്കോട് | - 65 |
| **ആകെ** | **- 249** |

(ഇ) പുതുതായി അനുമതി ലഭിച്ച മെഡിക്കൽ കോളേജുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ എന്തെങ്കിലും ഇളവ് അനുവദിക്കുകയുണ്ടായിട്ടുണ്ടോ ?

(ഇ) പുതുതായി മെഡിക്കൽ കോളേജുകൾക്ക് അനുമതി ലഭിച്ചിട്ടില്ല. എന്നാൽ പി.ജി. കോഴ്സുകൾക്ക് അധ്യാപക വിദ്യാർത്ഥി അനുപാതം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ലഘൂകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ